പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.276 | 28.05.2019 ൽ മറുപടിക്ക്

## കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം<br><br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തീരുമാനിച്ചിരുന്നു എന്നറിയിക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വെളിയം, ഉമ്മന്നൂർ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ നെടുവത്തൂർ, എഴുകോൺ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | നിലവിൽ ഏതെല്ലാം പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ടെന്നും അതിന്റെ ഭാഗമായി പ്രസ്തുത കേന്ദ്രങ്ങളിൽ എന്തെല്ലാം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയെന്നും വിശദമാക്കുമോ; | (ബി) | ഒന്നാം ഘട്ടത്തിൽ വെളിയം, ഉമ്മന്നൂർ എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ വീതം സൃഷ്ടിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ രാവിലെ 9 മണി മുതൽ 6 മണിവരെ ഒ.പി.പ്രവർത്തിക്കുന്നുണ്ട്. എൻ.സി.ഡി.ക്ലിനിക്, ശ്വാസ് ക്ലിനിക്, ആശ്വാസ് ക്ലിനിക് എന്നിവ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റേണ്ട പി.എച്ച്.സി. കളെ അപ്രകാരം മാറ്റാൻ എന്നത്തേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ സിവിൽ വർക്കിനുള്ള ടെണ്ടർ നടപടികൾ കഴിഞ്ഞ് വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. നെടുവത്തൂർ, എഴുകോൺ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് എൻ.എച്ച്.എം. ഫണ്ട് മുഖേന 15.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ